ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ആസ്ഥാനകാര്യാലയം - കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം – ഉപകരണങ്ങൾ സ്ഥാപിച്ച വകയിൽ കെൽട്രോണിന് നൽകുവാനുള്ള തുകയിൽ 1,10,55,518/- രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) ജി.ഒ (എ.എസ്) നം. 153/2018, ആഭ്യന്തരം; തീയതി 03-10-2018.
(2) 12-10-2018 ലെ ഇതേ നമ്പർ വർക്ക് ഓർഡർ.
(3) കെൽട്രോണും ജയിൽ വകുപ്പുമായി 31-01-2019 ൽ ഒപ്പ് വെച്ച ഉടമ്പടിയും 22-11-2019 ലെ അനുബന്ധ കരാറും.
(4) കെൽട്രോണിൽ നിന്നും ലഭ്യമായ ITBG/18-19/8699/CSG/1015 തീയതി. 25/02/2019
(5) കെൽട്രോണിൽ നിന്നും ലഭ്യമായ CSG/05383/19-20 തീയതി 30/09/2019
(6) കെൽട്രോണിൽ നിന്നും ലഭ്യമായ CSG/05646/19-20 തീയതി 09-10-2019
(7) 11-06-2019, 05.10-2019, 14-11-2019, 17-02-2020, 29-07-2020, 11-09-2020, 12-12-2020, 01-02-2021, 25-03-2021,29-03-2021,17-12-2022 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
(8) 22-08-22 ലെ കെൽട്രോണിൽ നിന്നുള്ള TVM/ITBG/IIS/PC/AB/115/22-23 നമ്പർ കത്ത്
(9) 15-09-2022 ലെ G.O(Ms) No.187/2022/HOME നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ് നമ്പർ. P2-19470/2011/PrHQ; തീയതി : 12-01-2023**

സംസ്ഥാനത്തെ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം കെൽട്രോണിനെ ചുമതലപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 383 കോടതി സ്റ്റുഡിയോയിലും 87 ജയിൽ സ്റ്റുഡിയോയിലും (ആകെ 470 ലൊക്കേഷനുകളിൽ) വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് പരാമർശം (2) പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും പരാമർശം (3) പ്രകാരം വീഡിയോകോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് കെൽട്രോണുമായി 20,13,47,798/- രൂപയുടെ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

ആദ്യ രണ്ട് ഘട്ടങ്ങളിലായി 324 ലൊക്കേഷനുകളിലും അവസാനഘട്ടത്തിൽ 136 ലൊക്കേഷനുകളിലും ഉൾപ്പെടെ ആകെയുള്ള 460 ലൊക്കേഷനുകളിൽ കെൽട്രോൺ പദ്ധതി പൂർത്തിയാക്കിയിട്ടുള്ളതാകുന്നു. (ലൊക്കേഷനുകളുടെ എണ്ണം 470 ൽ നിന്നും 460 ആയി കുറച്ചിരുന്നു.) പദ്ധതി പൂർത്തിയാക്കിയതിന് ആകെ 19,73,15,048/- (പത്തൊൻപത് കോടി എഴുപത്തിമൂന്ന് ലക്ഷത്തി പതിനയ്യായിരത്തി നാല്പത്തിയെട്ട്) രൂപയുടെ ഇൻവോയിസ് കെൽട്രോൺ സമർപ്പിക്കുകയും പരാമർശം (7) ലെ ഉത്തരവുകൾ പ്രകാരം **17,70,62,443/-** രൂപ കെൽട്രോണിന് അനുവദിയ്ക്കുകയും 6,27,300/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

ഒന്നാം ഘട്ടത്തിലുള്ള 174 ലൊക്കേഷനുകളിൽ എക്വിപ്മെന്റ് സപ്ലൈ ചെയ്ത് ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയ വകയിൽ യഥാക്രമം 6,42,37,185/-രൂപയുടെയും 4,50,00,049/- രൂപയുടെയും 13,17,941/- രൂപയുടെയും ഇൻവോയിസുകൾ (ആകെ 11,05,55,175/- രൂപയുടെ) പരാമർശം (4,5,6) പ്രകാരം കെൽട്രോൺ ലഭ്യമാക്കുകയും കരാർ പ്രകാരം പ്രസ്തുത തുകയുടെ 90% തുകയായ

9,94,99,657/- രൂപ പരാമർശം (7) ലെ വിവിധ ഉത്തരവുകൾ പ്രകാരം കെൽട്രോണിന് അനുവദിച്ചിട്ടുള്ളതുമാകുന്നു.പ്രസ്തുത ഇൻവോയിസുകൾ പ്രകാരമുള്ള 11,05,55,175/- രൂപയിൽ 10 ശതമാനം തുകയായ 1,10,55,518- രൂപ കെൽട്രോണിന് അനുവദിക്കേണ്ടതുണ്ട്.നടപ്പു വർഷത്തെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതി പ്രകാരം സംസ്ഥാനത്തെ കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുകൊണ്ട് വിസി സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെൽട്രോണിനു നൽകുന്നതിനായി 1,54,57,000/- രൂപ വകയിരുത്തിയിട്ടുള്ളതാകുന്നു.

പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ച പദ്ധതിയിലെ ഒന്നാം ഘട്ടത്തിലുള്ള 174 ലൊക്കേഷനുകളിൽ വീഡിയോ കോൺഫറൻസിംഗ് എക്വിപ്മെന്റ്സ് സപ്ലൈ ചെയ്ത് ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയ വകയിൽ കരാർ പ്രകാരം കെൽട്രോണിന് ഇനി അനുവദിക്കേണ്ട 10% തുകയായ 1,10,55,518- രൂപ (ഒരുകോടി പത്ത് ലക്ഷത്തി അൻപത്തിയയ്യായിരത്തി അഞ്ഞൂറ്റി പതിനെട്ട് രൂപ മാത്രം) കെൽട്രോണിന് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തുകയിൽ 1,08,34,407/-(ഒരു കോടി എട്ടു ലക്ഷത്തി മുപ്പത്തിനാലായിരത്തി നാന്നൂറ്റിയേഴ് രൂപ മാത്രം) കെൽട്രോണിന്റെ പേരിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യുന്നതിന് ജയിൽ ആസ്ഥാനകാര്യാലയം ചീഫ് അക്കൗണ്ടിനെ ചുമതലപ്പെടുത്തുന്നു.

| | |
|---|---|
| Account Number | 30367948080 |
| Beneficiary Name | M/s KSEDC Ltd. |
| Name of Bank | State Bank of India |
| Name of Branch | Commercial Branch, Thaycaud |
| IFS Code | SBIN0004350 |
| Mobile Number | 9746661288 |

1,10,55,518/- രൂപയിൽ നിന്നും 2,21,111/- രൂപ ഇൻകം ടാക്സ് TDS ഈടാക്കേണ്ടതും (TDS@ 2% of Rs. 1,10,55,518/-)കെൽട്രോണിന്റെ പേരിലുള്ള AABCK1319E എന്ന PAN ൽ റിട്ടേൺ ഫയൽ ചെയ്ത് സർട്ടിഫിക്കറ്റ് (Form16 A) ചീഫ് അക്കൗണ്ടന്റ് പി2 സീറ്റിൽ ഏൽപ്പിക്കേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ 1,10,55,518- രൂപ (ഒരുകോടി പത്ത് ലക്ഷത്തി അൻപത്തിയയ്യായിരത്തി അഞ്ഞൂറ്റി പതിനെട്ട് രൂപ മാത്രം) തന്നാണ്ടത്തെ ബഡ്ജറ്റ് വിഹിതത്തിലെ '2056-00-001-98-34 മറ്റ് ചെലവുകൾ (3) മറ്റിനം (പ്ലാൻ)'എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രസീത് പി2 സീറ്റിൽ ഏൽപ്പിക്കേണ്ടതുമാണ്.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ചീഫ് അക്കൗണ്ടന്റ്,
ജയിലാസ്ഥാനകാര്യാലയം (ഇൻവേയിസ് സഹിതം 2 പകർപ്പുകൾ)

പകർപ്പ് : 1. മാനേജിംഗ് ഡയറക്ടർ.
കെൽട്രോൺ, വെള്ളയമ്പലം. തിരുവനന്തപുരം

2. പ്രോഗ്രാം ഓഫീസർ./അക്കൗണ്ട്സ് ഓഫീസർ/സൂപ്രണ്ട് (പി)/എ5

P2-19470/2011/PrHQ

2551c5

സീറ്റ്/കരുതൽ ഫയൽ